**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 310.                09.06.2014 ൽ മറുപടിയ്ക്ക്.

<u>ബസ് ചാർജ് വർദ്ധന</u>

| ചോദ്യം<br>ശ്രീ. കെ. രാധാകൃഷ്ണൻ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ ബസ് ചാർജ് വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ; | (എ) | 3 തവണ. |
| (ബി) | ചാർജ് വർദ്ധിപ്പിക്കുവാനുണ്ടായ സാഹചര്യങ്ങൾ വിശദമാക്കുമോ ; | (ബി) | ഇന്ധനവിലയിലും സ്റ്റേജ് കാര്യേജ് ഓപ്പറേഷനിലെ മറ്റ് പ്രവർത്തനച്ചെലവുകളിലും ഉണ്ടായ വർദ്ധനവ് കണക്കിലെടുത്തുകൊണ്ട് ജസ്റ്റിസ് രാമചന്ദ്രൻ കമ്മിറ്റി സമർപ്പിച്ച ശുപാർശകളുടെ അടിസ്ഥാനത്തിലാണ് ബസ് ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുള്ളത്. |
| (സി) | മേയ് മാസം ചാർജ് വർദ്ധിപ്പിച്ചതിലൂടെ കെ.എസ്.ആർ.ടി.സി.ക്കുണ്ടായ പ്രതിദിനവരുമാന വർദ്ധനവ് എത്രയാണ് ; | (സി) | 2014 മെയ് മാസം ചാർജജ് വർദ്ധിപ്പിച്ചതിലൂടെ കെ.എസ്.ആർ.ടി.സി.ക്കുണ്ടായ പ്രതിദിനവരുമാന വർദ്ധനവ് ശരാശരി 59.22 ലക്ഷം രൂപയാണ്. |
| (ഡി) | ചാർജ് വർദ്ധിപ്പിച്ചിട്ടും കെ.എസ്. ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാൻ കഴിയാത്തതിനുള്ള കാരണങ്ങൾ വിശദമാക്കുമോ? | (ഡി) | ചാർജ്ജ് വർദ്ധനയിലൂടെ 10% വരുമാന വർദ്ധനവാണ് കെ.എസ്.ആർ.ടി.സി. പ്രതീക്ഷിക്കുന്നത്. പ്രതിദിനം ശരാശരി 50 ലക്ഷം രൂപയുടെ വർദ്ധനവ് ലഭ്യമായാൽ തന്നെ പ്രതിമാസം ശരാശരി 15 കോടി രൂപയുടെ വർദ്ധനവ് മാത്രമേ വരുമാനത്തിൽ ഉണ്ടാകുകയുള്ളൂ. കെ.എസ്.ആർ.ടി.സി. ഇപ്പോൾ പ്രതിമാസം 93 കോടി രൂപയുടെ കമ്മിയിലാണ് പ്രവർത്തിച്ചു വരുന്നത്. അതിനാൽ ബസ് ചാർജ്ജ് വർദ്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി പൂർണ്ണമായും പരിഹരിക്കുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ.